**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 643 — 25.05.2017-ൽ മറുപടിക്ക്

# ഗ്രീൻ കാർപ്പറ്റ് പദ്ധതി

<u>ചോദ്യം</u>

ശ്രീ. പി.വി. അൻവർ
ശ്രീ. എസ്. ശർമ്മ
ശ്രീ. സി.കെ. ശശീന്ദ്രൻ
ശ്രീ. എം. രാജഗോപാലൻ

എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി ഏതെല്ലാം ഏജൻസികളുടെ കൂട്ടായ്മയിലൂടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) വിനോദസഞ്ചാര മേഖലകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുമ്പോൾ പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ. കൾ, പ്രദേശവാസികൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്.

ബി) പ്രകൃതിയുടെ സ്വാഭാവിക ഭംഗിയ്ക്ക് കോട്ടം തട്ടാത്ത രീതിയിലാണ് ഓരോ പദ്ധതിയും തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണവേളയിൽ തന്നെ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

സെക്ഷൻ ഓഫീസർ.